# മാധ്യമങ്ങളുടെ
# സ്ത്രീസമത്വ സമീപനം
# ഒരു മാർഗരേഖ

## (കേരള വനിതാ കമ്മിഷൻ സംസ്ഥാന സർക്കാരിന് സമർപ്പിച്ച ശിപാർശകൾ)


**<u>കേരള വനിതാ കമ്മിഷൻ</u>**

**ചെയർപേഴ്സൺ: അഡ്വ. പി. സതീദേവി**
**അംഗങ്ങൾ: അഡ്വ.എം.എസ്.താര, ശ്രീമതി ഇ.എം.രാധ,**
**അഡ്വ. ഷിജി ശിവജി, ശ്രീമതി ഷാഹിദാ കമാൽ**
**മെമ്പർ സെക്രട്ടറി : ശ്രീമതി സോണിയാ വാഷിങ്ടൺ**
**ഡയറക്ടർ : ശ്രീ ഷാജി സുഗുണൻ**

ബഹു. കമ്മിഷന്റെ ഉപദേശ-നിർദേശങ്ങളോടെ മാർഗരേഖ
തയാറാക്കിയത്:
ശ്രീ ശ്രീകാന്ത് എം. ഗിരിനാഥ്, പബ്ലിക് റിലേഷൻസ് ഓഫീസർ



**കേരള വനിതാ കമ്മിഷൻ**

**2022 ഫെബ്രുവരി**

# ആമുഖം

**ഓ**രോ വ്യക്തിയും ഓരോ മാധ്യമമായിക്കൊണ്ടിരിക്കുന്ന, ബഹുജന പങ്കാളിത്തവും ബഹുമാധ്യമങ്ങളുമുള്ള സമഗ്രവും സമ്പൂർണവുമായ ഒരു മാധ്യമ ജനാധിപത്യ ലോകക്രമത്തിലേക്ക് സമൂഹം മാറിക്കഴിഞ്ഞിരിക്കുകയാണ്. തനിക്ക് ലോകത്തോടുപറയാനുള്ള ഒരു ഇടം ഇന്ന് പൗരന് ലഭ്യമാണ്. അതാണ് സാമൂഹ്യ മാധ്യമങ്ങൾ അഥവാ സോഷ്യൽ മീഡിയ എന്നു നാം പറയുന്നത്. അച്ചടി, ദൃശ്യം, ശ്രാവ്യം, ഓൺലൈൻ, സോഷ്യൽമീഡിയ എന്നിങ്ങനെ മാധ്യമലോകം വിശാലമായെങ്കിലും വാർത്താവതരണത്തിലെ പക്ഷപാത, വർഗ, വർണ, ലിംഗ വിവേചന സങ്കുചിതത്വം ഇനിയും മാറിയിട്ടില്ല. അതിന് വ്യക്തികൾ സ്വയം മാറണം, മാധ്യമ സ്ഥാപനങ്ങളുടെ നയങ്ങൾ മാറണം. മാധ്യമ പ്രവർത്തരുടെ കാഴ്ച്ചപ്പാടും മാറണം.

സമൂഹത്തിനു നേർക്കുപിടിച്ച കണ്ണാടിയാണ് മാധ്യമങ്ങൾ എന്ന് പൊതുവേ പറയുമ്പോൾ തീർച്ചയായും അവർ ആ സമൂഹത്തിലെ പകുതിയിലേറെ വരുന്ന സ്ത്രീകളുടെ അഭിമാനവും അവകാശങ്ങളും പരിരക്ഷിക്കുന്ന തരത്തിലാകണം.

മാധ്യമപ്രവർത്തനത്തിലെ ആൺ-പെൺ തുല്യത അഥവാ ജൻഡർ ഇക്വാലിറ്റി എന്നത് സ്ത്രീകളെക്കുറിച്ച് വാർത്തകളിലെ മാന്യമായ അവതരണം, പദപ്രയോഗങ്ങൾ, പരോക്ഷമായി സ്ത്രീയെ നിന്ദിക്കുന്നതോ അവഹേളിക്കുന്നതോ ആയ പ്രയോഗം ഒഴിവാക്കൽ, ചില പ്രത്യേക ആങ്കിളുകളിലൂടെയുള്ള വീഡിയോ

ചിത്രീകരണം എന്നിവ ഒഴിവാക്കൽ തുടങ്ങിയവ യെല്ലാം ഉൾപ്പെടും. വാർത്താ അവതരണത്തിൽ മാത്ര മല്ല മാധ്യമ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലെ എല്ലാ തലങ്ങളിലും ലിംഗസമത്വം പാലിക്കപ്പെടുന്നു വെന്ന് ഉറപ്പാക്കണം.

വാർത്താമാധ്യമങ്ങളിലൂടെയുള്ള ആശയപ്രച രണത്തിന്റെ സ്വാധീനം വർധിച്ചുവന്നുകൊണ്ടിരിക്കുന്ന സമകാലിക പശ്ചാത്തലത്തിൽ പുരോഗമനപരമായ ഒരു മാധ്യമനയം അനിവാര്യമാണ്. ഇതിന് പ്രേരകമാകുന്ന മാർഗനിർദേശങ്ങളടങ്ങിയ ശിപാർശകളാണ് കേരള വനിതാ കമ്മിഷൻ സംസ്ഥാന സർക്കാരിന്റെ പരിഗ ണനയ്ക്കായും മാധ്യമങ്ങളുടെ ശ്രദ്ധക്ഷണിക്കുന്നതി നുമായി സമർപ്പിക്കുന്നത്. സ്ത്രീയുടെ പക്ഷം ചേര ലിനല്ല, സ്ഥിതിസമത്വവും സ്ത്രീസമത്വവും പാലിക്കപ്പെ ടുന്ന പൗരസമൂഹം രൂപപ്പെടുന്നതിനും സ്ത്രീപദവി അന്തസ്സോടെ നിലനിർത്തുന്നതിനും ഈ മാർഗരേഖ മാധ്യമ സ്ഥാപനങ്ങൾക്ക് പിന്തുടരാവുന്നതാണ്. ഇതിൽ മാധ്യമ സ്ഥാപനങ്ങൾക്ക് സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട തങ്ങളുടെ കാഴ്ച്ചപ്പാടിനെക്കുറിച്ച് ആത്മവി ശകലനത്തിനുള്ള ഒരു ഉപാധി (Self Analysis Tool) കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള വനിതാ കമ്മിഷൻ തയാറാക്കിയ കരട് മാർഗരേഖയിന്മേൽ കേരള യൂണിയൻ ഓഫ് വർക്കിങ് ജേർണലിസ്റ്റ്സ്, കേസരി സ്മാരക ജേർണലിസ്റ്റ്സ് ട്രസ്റ്റ്, നെറ്റ്‌വർക്ക് ഓഫ് വിമൻ ഇൻ മീഡിയ തുടങ്ങിയ മാധ്യമപ്രവർത്തക സംഘടനാ പ്രതിനിധികളെയും പ്രമുഖ മാധ്യമപ്രവർത്തകരെയും പങ്കെടുപ്പിച്ച് കൊല്ലം ആശ്രാമം സർക്കാർ അതിഥി മന്ദിരത്തിൽ 2021 ഡിസം

ബർ മൂന്നിന് സംഘടിപ്പിച്ച ശില്പശാലയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾകൂടി ഉൾപ്പെടുത്തി അന്തിമമാക്കിയ ഈ മാർഗരേഖ പിന്തുടരുന്നതിലൂടെ സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാ സ്ത്രീവിരുദ്ധചിന്താഗതികൾക്കും തടയിടുന്ന ഒരു മാധ്യമസംസ്കാരം രൂപപ്പെടുത്തിയെടുക്കാൻ കഴിയുമെന്ന ഉറച്ച വിശ്വാസത്തോടെ പൊതുനന്മയെക്കരുതി ഈ മാർഗരേഖ കേരള വനിതാ കമ്മിഷൻ സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നു.

സ്ത്രീജന താല്പര്യാർത്ഥം,

അഡ്വ. പി. സതീദേവി
ചെയർപേഴ്സൺ

# ഉള്ളടക്കം

**കേ**രളത്തിലെ മാധ്യമപ്രവർത്തനം ഭാഷാപരമായും ചിന്താപരമായും ചിത്രീകരണപരമായും കൂടുതൽ ലിംഗസമത്വത്തിൽ അധിഷ്ഠിതമാകുന്നതിന് മാധ്യമങ്ങളെ സഹായിക്കുന്നതിനായും സ്ത്രീ–പുരുഷ വിവേചനമില്ലാത്ത സന്തുലിതാവസ്ഥ മാധ്യമമേഖലയിൽ കൊണ്ടുവരാൻ ഉതകുന്ന തരത്തിലുമാണ് ഈ മാർഗരേഖ കേരള വനിതാ കമ്മിഷൻ മുന്നോട്ടുവയ്ക്കുന്നത്.

ഈ മാർഗനിർദേശങ്ങൾ ഒൻപത് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു, ആദ്യ എട്ട് ഭാഗങ്ങൾ ഓരോന്നും സ്ത്രീസമത്വ മാധ്യമപ്രവർത്തനത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്നു. ഒൻപതാം ഭാഗത്തിൽ മാധ്യമങ്ങളുടെ സ്ത്രീസമത്വ സമീപനത്തിനായി കേരള വനിതാ കമ്മിഷൻ സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്ന ശിപാർശകൾ ഉള്ളടക്കം ചെയ്യുന്നു.

ഭാഗം 1: സ്ത്രീകളുടെയും പുരുഷന്മാരുടെയും പ്രാതിനിധ്യത്തിലെ തുല്യത–സോഴ്സുകളും ആശയങ്ങളും തെരഞ്ഞെടുക്കുമ്പോൾ.

ഭാഗം 2: സ്റ്റീരിയോടൈപ്പുകൾ ഇല്ലാതാക്കുക.

ഭാഗം 3: ലിംഗപരമായ മാന്യതയുള്ള ഭാഷ.

ഭാഗം 4: സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ മാധ്യമങ്ങൾ പാലിക്കേണ്ട രീതികൾ സംബന്ധിച്ച് വിവിധ നിയമങ്ങളിൽ പരാമർശിക്കുന്ന കാര്യങ്ങൾ.

ഭാഗം 5: സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ മാധ്യമങ്ങൾ പാലിക്കേണ്ട രീതികൾ സംബന്ധിച്ച്

ഭാഗം 6: സ്ത്രീസമത്വ മാധ്യമ പ്രവർത്തനം – സ്വയംവിലയിരുത്തലിനുള്ള ഉപാധികൾ.

ഭാഗം 7: വാർത്ത/ചിത്രം/വീഡിയോ തയാറാക്കുമ്പോൾ മാധ്യമപ്രവർത്തകർ ഉറപ്പുവരുത്തേണ്ട കാര്യങ്ങൾ (ചെക്ക്ലിസ്റ്റ്).

**ഭാഗം 8:** വനിതാ മാധ്യമപ്രവർത്തകരെ നിയമിക്കുമ്പോൾ മാധ്യമ സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ട കാര്യങ്ങൾ (ചെക്ക്‌ലിസ്റ്റ്).

**ഭാഗം 9:** കേരള വനിതാ കമ്മിഷൻ സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്ന ശിപാർശകൾ.

ഭാഗം 1:

# സ്ത്രീകളുടെയും പുരുഷന്മാരുടെയും പ്രാതിനിധ്യത്തിലെ തുല്യത – സോഴ്സുകളും ആശയങ്ങളും തെരഞ്ഞെടുക്കുമ്പോൾ

കേരളത്തിലെ ജനസംഖ്യാ അനുപാതം നോക്കിയാൽ പുരുഷന്മാരേക്കാൾ കൂടുതലാണ് സ്ത്രീകൾ. എന്നാൽ മാധ്യമസ്ഥാപന ഉടമകളും മാധ്യമപ്രവർത്തകരും പത്രം ഉൾപ്പെടെയുള്ള എല്ലാവിധ മാധ്യമങ്ങളുടെയും ഉപയോക്താക്കളും ബഹുഭൂരിപക്ഷം പുരുഷന്മാരാണ്. ഈ സാഹചര്യത്തിൽ സ്ത്രീകളുടെ പ്രശ്നങ്ങൾക്കും സ്ത്രീസമത്വ കാഴ്ച്ചപ്പാടിനും വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്നത് യാഥാർഥ്യമാണ്. അതിന് മനഃപൂർവമായ ഇടപെടൽ മാധ്യമങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്. എന്നാൽ മാത്രമേ ഇനിയും വൈകാതെ ആൺ–പെൺ വേർതിരിവില്ലാത്ത, പരസ്പരം ബഹുമാനിക്കുന്ന ഒരു പരിഷ്കൃത പൗരസമൂഹം ഉടലെടുക്കുകയുള്ളൂ. അതിനായി വാർത്തകളുടെ ഉള്ളടക്കം കൈകാര്യം ചെയ്യുമ്പോൾ മാധ്യമങ്ങൾ നിശ്ചയമായും പരിഗണിക്കേണ്ടുന്ന ചില വിഷയങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്.

## ഉള്ളടക്കത്തിൽ  ലിംഗസമത്വം ഉറപ്പാക്കൽ:

- വാർത്തകളിലും സമകാലിക വിഷയങ്ങളിലും നമ്മൾ (മാധ്യമപ്രവർത്തകർ) കണ്ടതോ കേട്ടിട്ടു ള്ളതോ അല്ലെങ്കിൽ വായിച്ചറിഞ്ഞതോ ആയ സ്ത്രീകളുടെയും പുരുഷന്മാരുടെയും തുല്യ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് ശ്രദ്ധിക്കുക.
- പ്രായമായ സ്ത്രീകൾ, ആദിവാസി സ്ത്രീകൾ, ഭിന്നശേഷിയുള്ള സ്ത്രീകൾ തുടങ്ങിയവരുടെ വൈവിധ്യമാർന്ന വാർത്തകളും വീഡിയോകളും ഉൾപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന നൽകുക.
- രാഷ്ട്രീയം, സാമ്പത്തികം, ബിസിനസ്, യുദ്ധം, കായികം തുടങ്ങിയ (സ്ത്രീകളുടെ പ്രവർത്തന മേഖലയായി കാണാത്ത പൊതുബോധമുള്ളവ) മേഖലകളിലെ വിദഗ്ധരായ സ്ത്രീകളുടെ അഭി പ്രായ വിശകലനങ്ങൾ കൂടി നിർബന്ധമായും പത്ര-ദൃശ്യ-ശ്രാവ്യ-ഓൺലൈൻ മാധ്യമങ്ങളിൽ ഉൾപ്പെടുത്തുക.
- സ്ത്രീകേന്ദ്രീകൃതമായ, സ്ത്രീകളെ പൊതുവേ ബാധിക്കുന്ന വാർത്തകൾ ദൈനംദിനം പ്രാധാ ന്യത്തോടെ നൽകുക.
- മാധ്യമങ്ങൾ സെൻസേഷണലിസത്തിന് പിന്നാലെ പോകുന്നതിനാൽ സാമൂഹിക പ്രശ്ന ങ്ങൾ ആഴത്തിൽ ചർച്ചചെയ്യപ്പെടുന്നില്ല എന്ന

വ്യാപകമായുള്ള ആക്ഷേപത്തിന് ഇടനൽകാതിരിക്കണം.

- ഒരു വിഷയത്തിൽ പൊതുജന അഭിപ്രായരൂപീകരണം നടത്തുമ്പോൾ സ്ത്രീകളുടെ പങ്കാളിത്തവും ഉറപ്പാക്കണം. സ്ത്രീകൾക്ക് പ്രതികരിക്കാൻ മാത്രമായി ചില വിഷയങ്ങൾ പരമിതപ്പെടുത്തരുത്. ഏതുവിഷയത്തിലായാലും സ്ത്രീകളുടെ അഭിപ്രായവും വാർത്തകളിൽ ഉൾപ്പെടുത്തണം.
- ലിംഗപരമായ സമത്വം പ്രതിഫലിപ്പിക്കുന്ന തരത്തിലാവണം വാർത്തകളും ഫീച്ചറുകളും ചിത്രങ്ങളും വീഡിയോകളും തയാറാക്കേണ്ടത്.
- നിക്ഷിപ്ത താല്പര്യക്കാരെയും സ്ത്രീവിരുദ്ധരെയും സ്ത്രീപ്രശ്നങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സോഴ്സ് ആയി പരിഗണിക്കാതിരിക്കാൻ ശ്രദ്ധിക്കുക.

ഭാഗം 2:

# സ്റ്റീരിയോടൈപ്പുകൾ ഇല്ലാതാക്കുക

സ്ത്രീകളെയും പുരുഷന്മാരെയും കുറിച്ച് പൊതുസമൂഹത്തിന്റെ കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നതിന് മാധ്യമങ്ങൾ വളരെ നിർണായകമായ പങ്കുവഹിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ സ്ത്രീയും പുരുഷനും പ്രത്യേക ചട്ടക്കൂടുകളിൽ ഒതുക്കപ്പെടുന്നവരായി ചിത്രീകരിക്കരുത്. സ്റ്റീരിയോടൈപ്പ് അവതരണത്തിലൂടെ സമൂഹത്തിൽ പ്രതിലോമകരമായ ചിന്താഗതികൾ ഉയർന്നുവരാതിരിക്കേണ്ടതുണ്ട്.

## സ്ത്രീകളെ മാന്യമായും ന്യായമായും ചിത്രീകരിക്കുന്നതിന്:

- സ്ത്രീക്കും പുരുഷനും അവരുടെ വ്യക്തിത്വപരമായ വിശേഷണങ്ങൾ തുല്യമാണ്. ഉദാഹരണത്തിന് പൊലീസ് ഓഫീസർ സ്ത്രീയായാലും പുരുഷനായാലും പൊലീസ് ഓഫീസറാണ് എന്ന ബോധ്യം വാർത്ത എഴുതുമ്പോൾ ഉണ്ടാകണം. സ്ത്രീകളെ അവരുടെ സൗന്ദര്യം കൊണ്ടും പുരുഷനെ അവരുടെ പ്രവൃത്തികൊണ്ടും 'അളക്കുന്ന' സമ്പ്രദായം അവസാനിപ്പിക്കണം.

വനിതകളെ സംബന്ധിച്ച റിപ്പോർട്ടുകളിൽ ശാരീരിക പ്രത്യേകതകളിൽ മാത്രം ഊന്നൽ നൽകിക്കൊണ്ടുള്ള ചിത്രീകരണവും റിപ്പോർട്ടിങ്ങും ഒഴിവാക്കണം.

- സ്ത്രീയെയായാലും പുരുഷനെയായാലും മാന്യതയോടെ ചിത്രീകരിക്കുക. പത്ര, ടെലിവിഷൻ പരസ്യങ്ങളിൽ ശരീരത്തെ ചരക്കുവൽക്കരിക്കുന്നത് നിർത്തുക.
- പാചകം, വൃത്തിയാക്കൽ, ശിശുസംരക്ഷണം തുടങ്ങിയവ സ്ത്രീകളുടെ കടമയാണെന്നും വിദ്യാഭ്യാസം, ആരോഗ്യം, നിക്ഷേപം, സൈനിക സേവനം, തുടങ്ങിയവ പുരുഷന്റെ കടമയാണെന്നും മട്ടിലുള്ള ചിത്രീകരണം ഇപ്പോഴും തുടർന്നുവരുന്നത് ഒഴിവാക്കുക.
- പരസ്യങ്ങളിലെ ലൈംഗികതയും, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, യുക്തിഭദ്രതയില്ലായ്മ എന്നിവയെല്ലാം മോണിറ്ററിങ് ചെയ്യാനുള്ള സംവിധാനം ഉറപ്പുവരുത്തണം.
- പ്രതിലോമകരവും സ്ത്രീവിരുദ്ധവുമായ ചിന്താഗതികൾ വളർത്തുന്ന സീരിയലുകളാണ് ഇന്ന് സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്നത്. ഇവ മോണിറ്ററിങ് ചെയ്യാനുള്ള സംവിധാനം വേണം.

- സ്ത്രീ–പുരുഷ സമത്വം, പ്രസക്തമായ നയങ്ങൾ, നിയമനിർമാണ പ്രശ്നങ്ങൾ തുടങ്ങിയവ ചർച്ച ചെയ്യുന്ന പരിപാടികൾ പ്രാധാന്യത്തോടെ നൽകുക.

## ഭാഗം 3:

# ലിംഗപരമായ മാന്യതയുള്ള ഭാഷ

പൊളിറ്റിക്കൽ കറക്റ്റ്നസ് (political correctness) ഉറപ്പുവരുത്തുന്നതാവണം മാധ്യമങ്ങളിലെ ഭാഷാപ്രയോഗം. രാഷ്ട്രീയം മുതൽ കച്ചവടം വരെ, വിഷയം ഏതായിരുന്നാലും അതിൽ സ്ത്രീയെ പരാമർശിക്കേണ്ടിവരുമ്പോൾ പരോക്ഷമായി സ്ത്രീപദവിഹനിക്കപ്പെടുന്നതോ അശ്ലീലമോ ദ്വയാർഥമുള്ളതോ ആയ പദപ്രയോഗം തലക്കെട്ടായി നൽകി വാർത്തയ്ക്ക് 'ആകർഷണീയത'കൂട്ടുന്ന ഒരു സ്വഭാവം മാധ്യമങ്ങൾക്കുണ്ട്. അത് തിരുത്തപ്പെടണം. ലിംഗപരമായ മാന്യതയുള്ള ഭാഷയുടെ ഉപയോഗം സംബന്ധിച്ച് മാധ്യമപ്രവർത്തകർക്ക് പരിശീലനം നൽകുന്നതിനുള്ള ഉത്തരവാദിത്തം മാധ്യമസ്ഥാപനങ്ങൾക്കുണ്ട്.

<u>ലിംഗപരമായ മാന്യതയുള്ള ഭാഷയുടെ ഉപയോഗത്തിന്:</u>

- പരോക്ഷമായി സ്ത്രീകളെ അധിക്ഷേപിക്കുന്ന തരത്തിലുള്ള പരാമർശങ്ങൾ നിർബന്ധമായും ഒഴിവാക്കുക. (ഉദാ: ചാടിപ്പോയ കടുവയെ കണ്ടെത്തിയപ്പോൾ ഒരു പ്രമുഖ പത്രത്തിൽ തലക്കെട്ട് ഇങ്ങനെയായിരുന്നു. ഇനി അവൾ 'ചാടിപ്പോയ' കടുവയല്ല.)

- ലൈംഗികച്ചുവയുള്ള തലക്കെട്ടുകൾ ഒഴിവാക്കുക. (സ്പോർട്സിലായാലും ബിസിനസ്സിലായാലും സെക്സി ഷറപ്പോവ, സെക്സി സെൻസെക്സ് എന്നിങ്ങനെയുള്ള തലക്കെട്ടുകൾ സാമാന്യമര്യാദയുടെതന്നെ ലംഘനമാണ്).
- ഏത് തൊഴിലായാലും സ്ത്രീകൾ രംഗത്തേക്ക് വരുമ്പോൾ 'വളയിട്ട കൈകളിൽ' എന്ന് ചേർത്തുള്ള തലക്കെട്ടുകൾ ഒഴിവാക്കുക. (ഉദാ: വളയിട്ട കൈകളിൽ വളയം ഭദ്രം, വളയിട്ട കൈകളിൽ ഭരണസാരഥ്യം ...).
- അതിക്രമിക്കപ്പെടുന്ന സ്ത്രീകൾ 'ഇരകൾ' അല്ല. 'പീഡനത്തിനിരയായ സ്ത്രീ' എന്നതിനു പകരം 'അതിജീവിത' എന്ന പദം പ്രയോഗിക്കണം.
- വാർത്താപ്രാധാന്യമുള്ള വ്യക്തികളെ അവതരിപ്പിക്കുമ്പോൾ മേൽ സൂചിപ്പിച്ചതരം പ്രത്യേക പദപ്രയോഗങ്ങളും ശൈലികളും പ്രയോഗിച്ചു കാണുന്നു. ഇത് ശരിയല്ല. സ്ത്രീ എന്ന നിലയ്ക്കുള്ള പദവിയെ ബഹുമാനിച്ചും വഹിക്കുന്ന സ്ഥാനത്തെ അംഗീകരിച്ചുമായിരിക്കണം തലക്കെട്ട് നൽകേണ്ടത്. പ്രാസം, കാവ്യാത്മകത, വായനയുടെ സൗന്ദര്യം തുടങ്ങിയ എഴുത്തിന്റെ പരിഗണനകൾ സ്ത്രീപദവിയുടെയും അതിന്റെ മാന്യതയുടെയും മുമ്പിൽ അപ്രസക്തമാണ്.

- സ്ത്രീകൾ തീരുമാനമെടുത്ത് ചെയ്യുന്ന കാര്യങ്ങൾ പിശകുന്ന സന്ദർഭത്തിൽ 'പെൺബുദ്ധി പിൻബുദ്ധി' തുടങ്ങിയ പ്രയോഗം, 'അല്ലെങ്കിലും പെണ്ണ് ചെയ്തതുകൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിച്ചത്' എന്ന് വായനക്കാരെ തോന്നിപ്പിക്കുന്നതരത്തിലുള്ള അവതരണം തുടങ്ങിയവ ഒഴിവാക്കണം.
- ജോലിയില്ലാത്ത സ്ത്രീകളെയെല്ലാം 'വീട്ടമ്മ' എന്ന് പ്രയോഗിക്കുന്നത് തിരുത്തണം.
- സ്ത്രീയും പുരുഷനും ഒന്നിച്ച് ജീവിക്കാൻ രഹസ്യമായി പുറപ്പെടുന്ന 'ഒളിച്ചോട്ട' വാർത്തകളിൽ രണ്ട് കുട്ടികളുടെ അമ്മ കാമുകന്റെകൂടെ ഒളിച്ചോടി എന്ന പരാമർശം സ്ത്രീയുടെ മുകളിൽ അടിച്ചേൽപ്പിക്കുന്നതരം വാർത്താ തലക്കെട്ടുകൾ ഒഴിവാക്കുക.

## ഭാഗം 4:

# സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ മാധ്യമങ്ങൾ പാലിക്കേണ്ട രീതികളെ സംബന്ധിച്ച വിശദാംശങ്ങൾ ഇതിനകം തന്നെ ഇന്ത്യൻ ശിക്ഷാനിയമത്തിലും ക്രിമിനൽ നടപടിച്ചട്ടത്തിലും നില വിലുണ്ട്. അവയ്ക്കു പുറമേ മാധ്യമപ്രവർത്തകരുടെ പെരുമാറ്റച്ചട്ടത്തെക്കുറിച്ച് പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ തയാറാക്കിയ രേഖ, മാധ്യമപ്രവർത്തകർക്കുള്ള എഡിറ്റേഴ്സ് ഗിൽഡിന്റെ പെരുമാറ്റച്ചട്ടം, ഇൻഫർ മേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിങ്ങ് മന്ത്രാലയത്തിന്റെ നിർദേശം, ലൈംഗിക അതിക്രമ കേസുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ദൃശ്യമാധ്യമങ്ങൾ പാലിക്കേണ്ട ന്യൂസ് ബ്രോഡ്കാസ്റ്റിങ്ങ് സ്റ്റാൻന്റേർഡ്സ് അഥോറിറ്റി (എൻബിഎസ്എ) യുടെ ജാഗ്രതാ നിർദേശങ്ങൾ തുട ങ്ങിയവ നിലവിലുണ്ട്.

<u>സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യു മ്പോൾ മാധ്യമങ്ങൾ പാലിക്കേണ്ട രീതികൾ സംബ ന്ധിച്ച് വിവിധ നിയമങ്ങളിൽ പരാമർശിക്കുന്ന കാര്യ ങ്ങൾ:</u>

- ഐപിസി 228 (A) പ്രകാരം ബലാൽസംഗത്തിന്റെ അതിജീവിതയുടെ പേര് പുറത്ത് വിടുന്നത് ശിക്ഷാർഹമായ കുറ്റമാണ്. സെക്ഷൻ 376, 376(A), 376 (D) എന്നിവയിൽ പരാമർശിക്കുന്ന കുറ്റ കൃത്യങ്ങൾ നടന്നാൽ അതിജീവിതയുടെ പേരോ അവരെക്കുറിച്ചുള്ള സൂചനകളോ വെളിപ്പെടു ത്തുന്നവരെ രണ്ടു വർഷം വരെ തടവിനും പിഴയ്ക്കും വിധിക്കാമെന്നാണ് ഇന്ത്യൻ ശിക്ഷാ നിയമം (ഐപിസി) അനുശാസിക്കുന്നത്.
- ലൈംഗിക അതിക്രമം റിപ്പോർട്ട് ചെയ്യുമ്പോൾ അതിജീവിതയുടെ സ്വഭാവത്തെക്കുറിച്ച് മാധ്യമ ങ്ങൾ ചോദ്യങ്ങളുന്നയിക്കുന്നത് ഒഴിവാക്കണ മെന്ന കൃത്യമായ നിർദേശം മാധ്യമപ്രവർത്ത കരുടെ പെരുമാറ്റച്ചട്ടത്തെക്കുറിച്ച് പ്രസ് കൗൺസിൽ 2010-ൽ തയാറാക്കിയ രേഖയിലുണ്ട്. ഈ നിർദേശങ്ങളിലെ സെക്ഷൻ ആറ് അനുസരിച്ച് ബലാൽസംഗം, തട്ടിക്കൊണ്ടു പോകൽ, കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമം എന്നീ കുറ്റകൃത്യങ്ങളിലും അതിജീ വിതയുടെ സ്വഭാവത്തെക്കുറിച്ച് പരാമർശങ്ങൾ നടത്തുന്ന റിപ്പോർട്ടുകളിലും അതിജീവിതയുടെ ഫോട്ടോ പ്രസിദ്ധീകരിക്കരുത്. മാത്രമല്ല അതിജീ വിതയെ തിരിച്ചറിയുന്നതിന് സഹായിക്കുന്ന ഒരു സൂചന പോലും നൽകരുതെന്നും ഈ നിർദേശത്തിൽ എടുത്തുപറയുന്നുണ്ട്.

- കുറ്റകൃത്യങ്ങൾ പ്രത്യേകിച്ച്, ലൈംഗിക അതിക്രമവും, കുട്ടികൾക്ക് നേരെയുള്ള അതിക്രമവും റിപ്പോർട്ട് ചെയ്യുമ്പോൾ അതിജീ വിതയെ ശിക്ഷിക്കുന്ന രീതിയിലുള്ള റിപ്പോർട്ടിങ് മാധ്യമങ്ങൾ നടത്തരുതെന്നും അതിജീവിതയുടെ ജീവിതം തകർക്കുന്ന നടപടിയാകും അതെന്നും മാധ്യമപ്രവർത്തകർക്കുളള പെരുമാറ്റച്ചട്ടത്തിൽ എഡിറ്റേഴ്സ് ഗിൽഡും വ്യക്തമാക്കുന്നു.
- ലൈംഗിക പീഡനത്തിലും കുട്ടികൾക്ക് നേരെയുള്ള അതിക്രമത്തിലും അതിജീ വിതയുടെ സ്വകാര്യത സംരക്ഷിക്കാൻ മാധ്യമങ്ങൾ അത്യന്തം ജാഗ്രത പാലിക്കണമെന്ന് 2008–ൽ ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിങ്ങ് മന്ത്രാലയവും നിർദേശം നൽകിയിട്ടുണ്ട്.
- സുപ്രിംകോടതി മുൻ ചീഫ് ജസ്റ്റിസ് ജെ.എസ്.വർമ്മ അധ്യക്ഷനായ ന്യൂസ് ബ്രോഡ്കാസ്റ്റിങ്ങ് സ്റ്റാൻഡാർഡ്സ് അഥോറിറ്റി (എൻബിഎസ്എ) ലൈംഗിക അതിക്രമ കേസുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ദൃശ്യ മാധ്യമങ്ങൾ പാലിക്കേണ്ട ജാഗ്രതയെ കുറിച്ച് വിശദമായ മാർഗനിർദേശം നൽകിയിട്ടുണ്ട്. അതിജീവിതയെ മാനസികമായി വീണ്ടും പീഡി പ്പിക്കുന്ന തരത്തിലെ ഒരു ദൃശ്യവും കാണിക്കരു തെന്നും അതിജീവിതയുടെ പേരു വിവരങ്ങൾ ഒരു സാഹചര്യത്തിലും വെളിപ്പെടുത്തരുതെന്നും എൻബിഎസ്എ നിഷ്കർഷിക്കുന്നു. അതിജീവി

തയുടേയും കുടുംബത്തിന്റേയും സ്വകാര്യതയെ ബാധിക്കുന്ന രീതിയിലുള്ള റിപ്പോർട്ടിങ് വേണ്ട. ലൈംഗിക അതിക്രമത്തിന്റെ അതിജീവിത യേയും സാക്ഷിയേയും ഒരു വാർത്താധിഷ്ഠിത പരിപാടിയിലും കാണിക്കരുതെന്നും, അഥവാ അങ്ങനെ ചെയ്യേണ്ടിവന്നാൽ തന്നെ വ്യക്തിയുടെ മുഖം തിരിച്ചറിയാത്ത വിധം മാത്രമേ കാണിക്കാവൂ എന്നും നിർദേശമുണ്ട്. ബലാൽസംഗത്തിലെ അതിജീവിത, പീഡനത്തെ അതിജീവിച്ച പ്രായപൂർത്തിയാകാത്ത കുട്ടി, എന്നിവരുടെ സ്വകാര്യത പരിഗണിക്കണമെന്നും അവരുടെ ഫോട്ടോയോ ദൃശ്യങ്ങളോ അവരാ രെന്ന് തിരിച്ചറിയാൻ സഹായിക്കുന്ന രീതിയിൽ കുടുംബാംഗങ്ങളുടെ ചിത്രമോ വിവരങ്ങളോ ചാനലുകൾ പുറത്തുവിടരുതെന്നും എൻബി എസ്എ നിർദേശിക്കുന്നു. ലൈംഗിക കുറ്റകൃത്യ ങ്ങളുടെ റിപ്പോർട്ടിങ് വിവേകപൂർവം കൈ കാര്യം ചെയ്യണമെന്നും എടുത്തുപറയുന്നുണ്ട്. പീഡനത്തിന്റെ വിശദാംശങ്ങൾ പുറത്തു വിടുന്നത് അതിജീവിതയെ വീണ്ടും പീഡിപ്പിക്കു ന്നതിന് തുല്യമാണെന്നും എൻ.ബി.എസ്.എ. എടുത്തുപറയുന്നു.

ഭാഗം 5:

# മാധ്യമ വിദ്യാഭ്യാസത്തിൽ വരുത്തേണ്ട കാലാനുസൃതമായ മാറ്റങ്ങൾ

മാധ്യമസ്ഥാപനത്തിന്റെ ആണിക്കല്ലായ എഡിറ്റോറിയൽ ബോർഡിൽ ഒന്നോ രണ്ടോ സ്ത്രീകൾ ഉണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോഴും അതിന് വലിയ മാറ്റമൊന്നും വന്നിട്ടില്ല. ദൃശ്യമാധ്യമങ്ങളുടെ വ്യാപകമായ രംഗപ്രവേശത്തോടെ മാധ്യമരംഗത്ത് സ്ത്രീകളുടെ സാന്നിധ്യം നേരിയ തോതിലെങ്കിലും വർധിച്ചിട്ടുണ്ട്. മുഖ്യധാരാ മാധ്യമങ്ങളിൽ നിന്നും ചീഫ് എഡിറ്റർ, ഡപ്യൂട്ടി ചീഫ് എഡിറ്റർ, എക്സിക്യൂട്ടീവ് എഡിറ്റർ തുടങ്ങിയ ഉന്നത സ്ഥാനങ്ങളിൽ വരുന്ന സ്ത്രീകളുടെ എണ്ണം വിരലിലെണ്ണാവുന്നതാണ്. സാങ്കേതിക മേഖലകളായ ഫോട്ടോഗ്രഫി, വീഡിയോഗ്രഫി, വിഷ്വൽ എഡിറ്റിങ് തുടങ്ങിയവയിലും സ്ത്രീകളുടെ സാന്നിധ്യം നാമമാത്രമാണ്. മാധ്യമ വിദ്യാർഥികളായി ഓരോ വർഷവും രംഗത്തുവരുന്ന സ്ത്രീകളിൽ വളരെ കുറച്ചുപേർ മാത്രമാണ് ഒരു പ്രഫഷൻ ആയി മാധ്യമരംഗത്ത് തുടരുന്നത്. മാധ്യമങ്ങളുടെ സർക്കുലേഷൻ, മാർക്കറ്റിങ്, പരസ്യം എന്നീ വിഭാഗങ്ങളിലും സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്.

സാമ്പ്രദായികമായ എഴുത്തുശൈലികളും ചിന്തകളുമാണ് ഇപ്പോഴും മാധ്യമവിദ്യാർഥികളെ സ്വാധീനിക്കുന്നത്. അവ എന്താണെന്ന് ഈ മാർഗരേഖയുടെ

ഭാഗം മൂന്നിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ശിക്ഷണത്തിലെ പോരായ്മയായി ഇതിനെ കാണാവുന്നതാണ്.

ഈ സാഹചര്യത്തിൽ മാധ്യമപഠനരംഗത്ത് പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങളിൽ മാറ്റം അനിവാര്യമാണ്.

## മാധ്യമപഠനരംഗത്ത് വരുത്തേണ്ട മാറ്റങ്ങൾ:

- ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് ആഴത്തിൽ പഠിപ്പിക്കുന്നതിനു പുറമേ സ്ത്രീധന നിരോധന ആക്റ്റ്, വിവിധ മാര്യേജ് ആക്റ്റുകൾ, തൊഴിലിടങ്ങളിലെ ലൈംഗിക അധിക്ഷേപം തടയൽ, പോക്സോ ആക്റ്റ് തുടങ്ങിയ വിവിധ നിയമങ്ങളെക്കുറിച്ചും, ഐപിസി, സിആർപിസി മുതലായ ചട്ടങ്ങളെക്കുറിച്ചും പ്രത്യേകം സിലബസ്സിൽ ഉൾപ്പെടുത്തണം.
- മാധ്യമപ്രവർത്തകരുടെ പെരുമാറ്റച്ചട്ടത്തെക്കുറിച്ച് പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ തയാറാക്കിയ രേഖ, മാധ്യമപ്രവർത്തകർക്കുള്ള എഡിറ്റേഴ്സ് ഗിൽഡിന്റെ പെരുമാറ്റച്ചട്ടം, ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിങ് മന്ത്രാലത്തിന്റെ നിർദേശം, ലൈംഗിക അതിക്രമ കേസുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ദൃശ്യമാധ്യമങ്ങൾ പാലിക്കേണ്ട ന്യൂസ് ബ്രോഡ്കാസ്റ്റിങ് മന്ത്രാലയത്തിന്റെ നിർദേശം, ലൈംഗിക അതിക്രമ കേസ്സുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ദൃശ്യമാധ്യമങ്ങൾ പാലിക്കേണ്ട

ന്യൂസ് ബ്രോഡ്കാസ്റ്റിങ് സ്റ്റാൻഡാർഡ്സ് അഥോറിറ്റി (എൻബിഎസ്എ)യുടെ ജാഗ്രതാ നിർദേശങ്ങൾ തുടങ്ങിയവ സമഗ്രമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.

- പുതിയ ആശയങ്ങളും പുരോഗമന ചിന്താഗതിയുമുള്ള യുവതീയുവാക്കന്മാരായ ഫാക്കൽറ്റികളെ മാധ്യമപഠന സ്ഥാപനങ്ങൾ നിയോഗിക്കുക.
- തിയറി ക്ലാസ്സുകൾക്കു പുറമേ സാമൂഹിക വിഷയങ്ങളിൽ ഫീൽഡ് ലെവൽ പഠനത്തിന് അവസരമൊരുക്കുക.
- ലിംഗാവബോധം നിർബന്ധമായും പാഠ്യപദ്ധതിയുടെ ഭാഗമാക്കുക.

## ഭാഗം 6:

# മാധ്യമങ്ങൾക്കുള്ള സ്വയം വിലയിരുത്തൽ ഉപാധികൾ

മാധ്യമങ്ങൾക്ക് തങ്ങളുടെ സ്ത്രീസമത്വ സമീപനം കൂടുതൽ അനുകൂലമാക്കുന്നതിന് ആത്മപരിശോധന നടത്താനുതകുന്ന ചില ഉപാധികളാണ് ചുവടെ പട്ടിക രൂപത്തിൽ നൽകിയിരിക്കുന്നത്. മാധ്യമസ്ഥാപനങ്ങളിലെ HR, എഡിറ്റോറിയൽ വിഭാഗത്തിന് ഇത് പരീക്ഷിച്ചുനോക്കാവുന്നതാണ്.

### ഉപാധി – 1 (HR വിഭാഗത്തിന്)

#### പത്രപ്രവർത്തകരുടെ (ഫോട്ടോഗ്രഫർ/ വീഡിയോഗ്രഫർ ഉൾപ്പെടെ) എണ്ണം

| ക്രനം | ആൺ | | | | പെൺ | | | |
|---|---|---|---|---|---|---|---|---|
| | എസ്സി | എസ്ടി | പിന്നാക്കം | പൊതുവിഭാഗം | എസ്സി | എസ്ടി | പിന്നാക്കം | പൊതുവിഭാഗം |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

## ഉപാധി – 2 (HR വിഭാഗത്തിന്)

## പത്രപ്രവർത്തക ഇതര ജീവനക്കാരുടെ എണ്ണം

| ക്രനം | ആൺ | | | | പെൺ | | | |
|---|---|---|---|---|---|---|---|---|
| | എസ് സി | എസ് ടി | പിന്നാക്കം | പൊതു വി ഭാഗം | എസ് സി | എസ് ടി | പിന്നാക്കം | പൊതു വിഭാഗം |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

## ഉപാധി – 3 (എഡിറ്റോറിയൽ വിഭാഗത്തിന്)

## പ്രതിമാസ സ്ത്രീസമത്വ വാർത്താവിശകലനം

**വർഷം:** **മാസം:**

| നം. | ഉള്ളടക്കം *(ഇതിൽ പരാമർശിക്കുന്ന ഉള്ളടക്കം മാതൃകയാണ്. ഇനിയുമൊരുപാടുള്ളത് നിങ്ങൾക്ക് സ്വയം കൂട്ടിച്ചേർക്കാവുന്നതാണ്.)* | ആദ്യ വാരം (എണ്ണം) | രണ്ടാം വാരം (എണ്ണം) | മൂന്നാം വാരം (എണ്ണം) | നാലാം വാരം (എണ്ണം) | അഞ്ചാം വാരം (എണ്ണം) | ആകെ |
|---|---|---|---|---|---|---|---|
| 1 | വനിതാ ലോക/ഭാരത/കേരള നേതാക്കളെ സംബന്ധിച്ച വാർത്തകൾ | | | | | | |
| 2 | നിരാലംബരായ സ്ത്രീക | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ളെക്കുറിച്ച് | | | | | | |
| 3 | നേട്ടങ്ങൾ കൈവരിച്ച സ്ത്രീകൾ | | | | | | |
| 4 | ഭിന്നശേഷിക്കാരായ സ്ത്രീകൾ | | | | | | |
| 5 | കർഷക/തൊഴിലാളി സ്ത്രീകൾ | | | | | | |
| 6 | ബിസിനസ് രംഗത്തെ സ്ത്രീകൾ | | | | | | |
| 7 | ഡോക്ടർ/അഭിഭാഷകർ/എഞ്ചിനീയർമാർ/ടെക്കികൾ തുടങ്ങിയ പ്രഫഷണൽ സ്ത്രീകൾ | | | | | | |

## ഉപാധി – 4 (എഡിറ്റോറിയൽ വിഭാഗത്തിന്)

## പ്രതിമാസ വാർത്താസംബന്ധമായ കാര്യങ്ങളിലെ ഇടപെടൽ

**വർഷം:** **മാസം:**

| നം. | സോഴ്സ് *(ഇതിൽ പരാമർശിക്കുന്ന സോഴ്സ് മാതൃകയാണ്. ഇനിയുമൊരുപാടുള്ളത് നിങ്ങൾക്ക് സ്വയം കൂട്ടിച്ചേർക്കാവുന്നതാണ്.)* | ആദ്യ വാരം (എണ്ണം) | രണ്ടാം വാരം (എണ്ണം) | മൂന്നാം വാരം (എണ്ണം) | നാലാം വാരം (എണ്ണം) | അഞ്ചാം വാരം (എണ്ണം) | ആകെ |
|---|---|---|---|---|---|---|---|
| 1 | വാർത്തയുമായി ബന്ധപ്പെട്ട വ്യക്തി | | | | | | |
| 2 | ഫോണിൽ | | | | | | |
| 3 | നേരിട്ട് | | | | | | |
| 4 | അന്വേഷണ ഉദ്യോഗസ്ഥർ | | | | | | |
| 5 | വിഷയ വിദഗ്ധർ | | | | | | |

## ഉപാധി – 5 (HR, എഡിറ്റോറിയൽ വിഭാഗങ്ങൾക്ക്)

**മാധ്യമസ്ഥാപനത്തിലെ വനിതാ മാധ്യമപ്രവർത്തകരുടെ പ്രതിമാസ അവലോകനം (വാർത്ത തയാറാക്കൽ/അവതരണം/ഫോട്ടോഗ്രഫി/ വീഡിയോഗ്രഫി)**

**വർഷം:...** **മാസം:**

| നം. | ഉള്ളടക്കം *(ഇതിൽ പരാമർശിക്കുന്ന ഉള്ളടക്കം മാതൃകയാണ്. ഇനിയുമൊരുപാടുള്ളത് നിങ്ങൾക്ക് സ്വയം കൂട്ടിച്ചേർക്കാവുന്നതാണ്.)* | ആദ്യ വാരം (എണ്ണം) | രണ്ടാം വാരം (എണ്ണം) | മൂന്നാം വാരം (എണ്ണം) | നാലാം വാരം (എണ്ണം) | അഞ്ചാം വാരം (എണ്ണം) | ആകെ |
|---|---|---|---|---|---|---|---|
| 1 | റിപ്പോർട്ടിങ് | | | | | | |
| 2 | എഡിറ്റിങ് | | | | | | |
| 3 | ഫോട്ടോ എഡിറ്റിങ് | | | | | | |
| 4 | വീഡിയോ എഡിറ്റിങ് | | | | | | |
| 5 | ഫോട്ടോഗ്രഫി | | | | | | |
| 6 | വീഡിയോഗ്രഫി | | | | | | |
| 7 | വാർത്താ അവതരണം | | | | | | |
| 8 | ലഭിച്ച അംഗീകാരം | | | | | | |
| 9 | എഡിറ്റോറിയൽ എഴുതിയവർ | | | | | | |
| 10 | മിഡിൽപീസ് എഴുതിയവർ | | | | | | |
| 11 | സൺഡേ/വിവിധ സപ്ലിമെന്റുകളിൽ ലീഡ് സ്റ്റോറി ഉൾപ്പെടെ എഴുതിയവർ | | | | | | |
| 12 | പത്രങ്ങളിൽ മെയിൻ സ്റ്റോറി എഴുതിയവർ | | | | | | |
| 13 | സ്പെഷൽ അസൈൻമെന്റ് ലഭിച്ചവർ | | | | | | |
| | | | | | | | |

ഭാഗം 7:

# വാർത്ത/ചിത്രം/വീഡിയോ/ഓഡിയോ തയാറാക്കുമ്പോൾ

വാർത്ത, ചിത്രം, വീഡിയോ, ഓഡിയോ തുടങ്ങിയവ ചിത്രീകരിക്കുമ്പോൾ/തയാറാക്കുമ്പോൾ അറിഞ്ഞോ അറിയാതെയോ സ്ത്രീവിരുദ്ധത, ദ്വയാർഥ പ്രയോഗം, വ്യംഗാർഥം, വാർപ്പ് മാതൃകകൾ തുടങ്ങി യവ കയറിവരുന്നുണ്ട്. വികലമായ ചിത്രീകരണം, അശ്ലീല–തെറി പ്രയോഗങ്ങൾ മ്യൂട്ട് ആക്കാതെ ലൈവ് ആയി കേൾപ്പിക്കുക തുടങ്ങിയ പ്രവണത ചിലപ്പോഴെ ങ്കിലും കണ്ടുവരുന്നുണ്ട്. സോഷ്യൽമീഡിയയിലാകട്ടെ ഇക്കാര്യത്തിൽ മാധ്യമ നൈതികത ഒട്ടുംതന്നെയില്ല എന്നത് ഖേദകരമായ കാര്യമാണ്. അക്രഡിറ്റഡ് മാധ്യമ ങ്ങളുടെ ഗണത്തിൽപ്പെടുത്താൻ പര്യാപ്തമായ സോഷ്യൽമീഡിയ ഉപയോക്താക്കൾ (വ്യക്തികളും സ്ഥാപനങ്ങളും) മാധ്യമനൈതികത പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി ഇൻഫർമേഷൻ പബ്ലിക് റിലേ ഷൻസ് വകുപ്പുമായി ഒരു എഗ്രിമെന്റ് ഏർപ്പെട്ട് അത്തരം സ്ഥാപനങ്ങൾ/വ്യക്തികൾ രജിസ്റ്റർ ചെയ്യു കയും കരാർ ലംഘിക്കുന്നപക്ഷം അവരെ നിയമനടപ ടികൾക്ക് വിധേയരാക്കുകയോ ചെയ്യേണ്ടതാണ്. അല്ലാ ത്തവയെയെല്ലാം ഇന്ത്യൻ ശിക്ഷാ നിയമം, ക്രിമിനൽ

നടപടിച്ചട്ടം, ഐടിആക്ട് മുതലായ നിയമങ്ങളുടെ അടിസ്ഥാനത്തിൽ നിയന്ത്രിക്കുകയും ചെയ്യേണ്ടത് ഇന്നത്തെ സാഹചര്യത്തിൽ സ്ത്രീസമൂഹത്തിന്റെ മാന്യത നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ്.

### വാർത്ത/ചിത്രം/വീഡിയോ/ഓഡിയോ തയാറാക്കുമ്പോൾ

## മാധ്യമപ്രവർത്തകർ ഉറപ്പുവരുത്തണം (ചെക്ക്ലിസ്റ്റ്)

*(ഇതൊരു മാതൃകയാണ്. ഇനിയുമൊരുപാടുള്ളത് നിങ്ങൾക്ക് സ്വയം കൂട്ടിച്ചേർക്കാവുന്നതാണ്.)*

☑ വാർത്തയിൽ/ചിത്രത്തിൽ/വീഡിയോയിൽ/ഓഡിയോയിൽ സ്ത്രീവിരുദ്ധത ഇല്ല.

☑ നൽകുന്ന പരസ്യത്തിൽ സ്ത്രീവിരുദ്ധത/ അശ്ലീലത/ വ്യംഗ്യാർഥം ഇല്ല.

☑ ഭാഷയിൽ സ്ത്രീവിരുദ്ധത/ദ്വയാർഥം ഇല്ല.

☑ അവതരണത്തിൽ സ്റ്റീരിയോടൈപ്പ് അല്ല.

☑ തലക്കെട്ടിൽ അശ്ലീലധ്വനി ഇല്ല.

☑ സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ ഐപിസി, മാധ്യമ ങ്ങൾക്കുള്ള പെരുമാറ്റച്ചട്ടങ്ങൾ തുടങ്ങിയ നിയമ ങ്ങൾ അനുസരിക്കുന്നു.

☑ വിഷയവിദഗ്ധരിൽ സ്ത്രീ പങ്കാളിത്തം ഉണ്ട്.

☑ നൽകിയിട്ടുള്ള ഫോട്ടോ/വീഡിയോ സ്ത്രീയുടെ ലൈംഗികാവയവങ്ങളെ എടുത്തുകാട്ടുന്നതരത്തി ലുള്ളവ അല്ല.

☑ ലൈംഗിക അതിക്രമം റിപ്പോർട്ട് ചെയ്യുമ്പോൾ അതിജീവിതയുടെ സ്വഭാവത്തെക്കുറിച്ച് മാധ്യമങ്ങൾ ചോദ്യങ്ങളുന്നയിക്കുന്നത് ഒഴിവാക്കണമെന്ന മാധ്യമപ്രവർത്തകരുടെ പെരുമാറ്റച്ചട്ടത്തെക്കുറിച്ചുള്ള പ്രസ് കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദേശം പാലിക്കുന്നു.

**ഭാഗം 8:**

# വനിതാ മാധ്യമപ്രവർത്തകർക്കുള്ള സൗകര്യം

വനിതാ മാധ്യമപ്രവർത്തകരെ നിയമിക്കുമ്പോൾ മാധ്യമസ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ട അടിസ്ഥാനപരമായ ചില കാര്യങ്ങൾ ഉണ്ട്. സ്ത്രീ എന്ന നിലയ്ക്ക് അവർക്ക് ഒരുക്കേണ്ട പ്രത്യേക സൗകര്യങ്ങളാണ് അവ. ജീവനക്കാരുടെ സൗകര്യങ്ങൾ നിശ്ചയിക്കാനുള്ള വിവേചനാധികാരം മാനേജ്മെന്റിനാണെങ്കിലും അവരുടെ ശ്രദ്ധയിലും പരിഗണനയിലും ചുവടെ പറയുന്ന കാര്യങ്ങൾകൂടി നിശ്ചയമായും വരേണ്ടതാണ്.

**വനിതാ മാധ്യമപ്രവർത്തകരെ നിയമിക്കുമ്പോൾ**

## മാധ്യമ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണം (ചെക്ക്ലിസ്റ്റ്)

*(ഇതൊരു മാതൃകയാണ്. ഇനിയുമൊരുപാടുള്ളത് നിങ്ങൾക്ക് സ്വയം കൂട്ടിച്ചേർക്കാവുന്നതാണ്.)*

☑ **വ്യക്തമായ നിയമന ഉത്തരവ് (കരാർ/സ്ഥിരം) ഉണ്ട്.**

☑ നിയമനം മാധ്യമപ്രവർത്തകയുടെ വീട് സ്ഥിതിചെയ്യുന്ന ജില്ലയിൽ/ഏറ്റവും അടുത്ത ജില്ലയിൽ ആണ്.

☑ രാത്രി ഷിഫ്റ്റ് കഴിഞ്ഞ് തൊട്ടടുത്ത താമസസ്ഥലത്തേക്ക് ഓഫീസ് വാഹനം ഉണ്ട്.

☑ അമ്മമാർക്ക് സൗകര്യപൂർവം മുലയൂട്ടാനുള്ള സ്വകാര്യ ഇടം ഉണ്ട്.

☑ ശാരീരിക, മാനസിക, ആരോഗ്യാവസ്ഥകൾ അറിഞ്ഞാണ് ദൂരെ സ്ഥലങ്ങളിലേക്ക് റിപ്പോർട്ടിങ്ങിന് അയയ്ക്കുന്നത്.

☑ തൊഴിലിടങ്ങളിലെ ലൈംഗിക പീഡനം അന്വേഷിക്കുന്നതിനുള്ള ആഭ്യന്തര പരാതി പരിഹാര സമിതി (ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി – ഐസിസി) ഉണ്ട്.

☑ ഒരു ദിവസം എട്ട് മണിക്കൂറിൽ കൂടുതൽ തൊഴിൽസമയം ഇല്ല.

☑ ആഴ്ച്ചയിൽ ഒരു ദിവസം ശമ്പളത്തോടുകൂടിയ നിർബന്ധിത അവധി ഉണ്ട്.

☑ പ്രസവസമയത്ത് പ്രസവാനുകൂല്യ ആക്റ്റ് (Maternity Benefit Act) അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ഉണ്ട്.

☑ സ്ത്രീകൾക്കെതിരായ ക്രിമിനൽക്കേസുകളിൽപ്പെട്ടവരോ ശിക്ഷിക്കപ്പെട്ടവരോ ആയ പുരുഷജീവനക്കാർ ഇല്ല.

☑ ഓഫീസിനുള്ളിൽ ഫസ്റ്റ് എയ്ഡ് സൗകര്യം ഉണ്ട്.

☑ സ്ത്രീകൾക്ക് മാത്രമായി സ്വകാര്യ വിശ്രമമുറി ഉണ്ട്.

☑ സാനിട്ടറി നാപ്കിൻ നേരായവിധം നശിപ്പിച്ചുകളയുവാനുള്ള സൗകര്യം ഉണ്ട്.

☑ പ്രത്യേകം മൂത്രപ്പുര/കക്കൂസ് ഉണ്ട്.

ഭാഗം 9:

## വനിതാ കമ്മിഷന്റെ ശിപാർശകൾ

മാധ്യമങ്ങളുടെ സ്ത്രീസമത്വ സമീപനത്തിനായി കേരള വനിതാ കമ്മിഷൻ സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്ന ശിപാർശകൾ ചുവടെ;

1. മാധ്യമസ്ഥാപനങ്ങളിൽ ആഭ്യന്തര മാധ്യമ നൈതികതാ സമിതികൾ (മീഡിയ എത്തിക്സ് കമ്മിറ്റി) രൂപീകരിച്ച് പ്രതിദിന എഡിറ്റോറിയൽ മീറ്റിങ്ങിൽ സ്ത്രീസമത്വത്തിലധിഷ്ഠിതമായ മാധ്യമപ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ നടത്താൻ ചീഫ് എഡിറ്റർമാർക്ക് നിർദേശം നൽകുക.

2. ലിംഗസമത്വത്തിലധിഷ്ഠിതമായ മലയാള പദാവലികളുടെ ഒരു ശൈലീപുസ്തകം അടിയന്തരമായി തയാറാക്കി ഔദ്യോഗിക ഉപയോഗത്തിനും മാധ്യമങ്ങളുടെ ഉപയോഗത്തിനുമായി ലഭ്യമാക്കാൻ ഔദ്യോഗിക ഭാഷാ വകുപ്പിന് നിർദേശം നൽകുക. ശൈലീപുസ്തക നിർമാണത്തിനായി ഭാഷാവിദഗ്ധർ, ലിംഗനീതിപരമായ വിഷയങ്ങളിലെ വിദഗ്ധർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള മീഡിയ അക്കാഡമി തുടങ്ങിയ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാർ അംഗങ്ങളായ സമിതി രൂപീകരിച്ച് ആറ് മാസത്തിനകം ശൈലീപുസ്തകം തയാറാക്കാൻ നിർദേശം നൽകുക. പ്രസ്തുത സമിതിയിലെ വിദഗ്ധർ കഴിയാവുന്നത്ര സ്ത്രീകൾ ആയിരിക്കണം.

3. ഈ മാർഗരേഖയിൽ നൽകിയിരിക്കുന്ന ചെക്ക് ലിസ്റ്റ് പ്രകാരമുള്ള മാനദണ്ഡങ്ങൾ ശരിയായി പാലിച്ചാണോ മാധ്യമസ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതെന്ന് വാർഷിക പരിശോധന നടത്താൻ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന് നിർദേശം നൽകുക.

4. ഈ മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കാൻ മാധ്യമസ്ഥാപനങ്ങളെ ബാധ്യതപ്പെടുത്തുന്നതിനും ഉത്തരവാദപ്പെടുത്തുന്നതിനുമായി ഈ മാർഗരേഖ ഒരു സർക്കാർ ഉത്തരവായി പുറപ്പെടുവിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.